പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1976. 10.10. 2011-ൽ മറുപടിയ്ക്ക്

## ആശുപത്രികളുടെ പ്രവർത്തനം കാര്യക്ഷമമാക്കൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.ഉമ്മർ : | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| (എ) സർക്കാർ ആശുപത്രികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) സർക്കാർ ആശുപത്രികളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടി വിവിധതരം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. വിവിധ തരം കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേനയും, സംസ്ഥാനതലത്തിൽ ലഭ്യമാകുന്ന ഫണ്ടിന്റെയും അടിസ്ഥാനത്തിൽ സർക്കാർ ആശുപത്രികളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. പ്ലാൻ ഫണ്ട്, സുനാമി പുനരധിവാസ ഫണ്ട്, നബാഡ്, അസറ്റ് മെയിന്റനൻസ് ഫണ്ട് തുടങ്ങിയ സ്കീമുകൾ വഴി ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് കൈമാറിയ ആശുപത്രികളിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ ചുമതലയിൽ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്.<br><br>ബഹു.എം.പി-മാരുടെയും എം.എൽ.എ-മാരുടെയും പ്രാദേശിക വികസനഫണ്ട് വഴി പല സർക്കാർ ആശുപത്രികളിലും വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്.<br><br>താലൂക്ക്, ജില്ലാ ജനറൽ ആശുപത്രികളിൽ കൂടുതൽ ആധുനിക ഉപകരണങ്ങൾ നൽകിയും കൂടുതൽ സ്റ്റാഫിനെ നിയമിച്ചും ആശുപത്രികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. പ്ലാൻഫണ്ട് വഴിയും ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം വഴിയും, 13-ാം ധനകാര്യകമ്മിഷൻ സഹായത്തോടെയും ആശുപത്രികളിൽ ഉപകരണങ്ങളും ലബോറട്ടറി സൗകര്യങ്ങളും മെച്ചപ്പെടുത്തുവാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ ജീവനക്കാർ കുറവുള്ള ആശുപത്രികളിൽ എൻ.ആർ.എച്ച്.എം. മുഖേന താൽകാലികമായി ജീവനക്കാരെ നിയമിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | മെഡിൽകോളേജ് ഡോക്ടർമാരുടെ പ്രൈവറ്റ് പ്രാക്ടീസ് നിരോധിച്ചു. റസിഡൻസി സമ്പ്രദായം നടപ്പിലാക്കി. റസിഡന്റ് ഡോക്ടർമാരുടെ എണ്ണം വർദ്ധിപ്പിച്ചു. സി.റ്റി. സ്കാൻ, എം.ആർ.ഐ സ്കാൻ തുടങ്ങിയ നൂതന രോഗപരിശോധന ചികിത്സ ഉപകരണങ്ങൾ ലഭ്യമാക്കി. ഇവ കൂടാതെ സർക്കാർ ആശുപത്രികളിൽ കെ.എം.എസ്.സി.എൽ. മുഖേന ആവശ്യത്തിന് മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ബി) | ആശുപത്രികളിൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് ഏർപ്പെടുത്തിയ നടപടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | മരുന്ന് വാങ്ങുന്നതിനായി ഈ സർക്കാർ എത്ര രൂപ ചെലവഴിച്ചു? | (സി) | ഈ സർക്കാർ നിലവിൽവന്നശേഷം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പേറേഷൻ മുഖേന ഇതുവരെ (ജൂൺ മുതൽ സെപ്റ്റംബർ വരെ) 45.37 കോടി രൂപ മരുന്നു വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ആഫീസർ